I/86657/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/493/2023-D1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 17-03-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശു വികസന വകുപ്പ് - ഡയറക്ടറേറ്റ് - കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നത് - സ്വീകരിക്കേണ്ട നടപടികൾ - മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന:- സർക്കാരിന്റെ 8/4/21 തീയതിയിലെ സാനീവ.ബി.1/109/2017 നമ്പർ കത്ത്

വനിത ശിശു വികസന വകുപ്പിന് കീഴിൽ സ്വന്തമായി ഔദ്യോഗിക വാഹനമില്ലാത്ത (ICPS, നിർഭയ, DCPU ഡയറക്ടറേറ്റിലെ കരാർ വാഹനം ഒഴികെ), നിലവിലെ കരാർ വാഹനത്തിന്റെ കാലാവധി 2023 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അവസാനിക്കുന്ന കീഴ് കാര്യാലയങ്ങളിൽ കരാർ തിയതി മുതൽ അടുത്ത ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു. ഔദ്യോഗിക വാഹനം ഉപയോഗശൂന്യമാകുകയും കണ്ടം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്ന കാര്യാലയങ്ങൾക്ക്, കണ്ടം ചെയ്യുന്ന നടപടി ഒരു വർഷത്തിനുള്ളിൽ പൂർത്തികരിക്കണമെന്ന നിബന്ധനയോടുകൂടി കരാർ വാഹനത്തിന് ടെണ്ടർ ക്ഷണിക്കുന്നതിന് അനുമതി നൽകുന്നു.

പുതിയ ടെൻഡർ വിളിച്ച് അംഗീകാരത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിലെ പോരായ്മകൾ കാരണം ടെൻഡർ നിരസിക്കേണ്ടി വരുന്നതും റീ ടെൻഡർ നടപടികളിലേയ്ക്ക് കടക്കേണ്ടി വരുന്നതും വളരെ അധികം സമയ നഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടാവുകയും ആയത് ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പുതിയ ടെൻഡർ ക്ഷണിച്ച് അംഗീകാരം ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള സ്റ്റോർ പർച്ചേസ് മാന്വലിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരിക്കണം ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടത്.
2. ടെൻഡർ ഫോമിന്റെ വില (ടെൻഡർ തുകയുടെ 0.2% ത്തെ 100 ന്റെ അടുത്ത ഗുണിതമായി നിജപ്പെടുത്തിയ തുക), ടെൻഡർ ഫോം വിൽപ്പന നടത്തുന്ന തീയതി, സ്വീകരിക്കുന്ന തീയതി, സമയം, ടെൻഡർ തുക, ഇ.എം.ഡി (1%) സെക്യൂരിറ്റി ഡെപ്പോസിറ്റ് വെയ്ക്കൽ (5%), 200/-രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കൽ തുടങ്ങിയ നിബന്ധനകൾ വിവരിച്ചിട്ടുള്ള ക്വട്ടേഷൻ നോട്ടീസ് നിർബന്ധമായും പ്രസിദ്ധപ്പെടുത്തേണ്ടതും ആയതിന് വ്യാപക പരസ്യം നൽകേണ്ടതുമാണ്.

3. ടെൻഡറർക്ക് ടെൻഡറുകൾ സമർപ്പിക്കുന്നതിന് മതിയായ സമയം നൽകേണ്ടതാണ്. ആയത് കൊട്ടേഷൻ നോട്ടീസ് തീയതിക്ക് ശേഷം കുറഞ്ഞത് 15 ദിവസമെങ്കിലും നൽകിയിരിക്കണം.

4. എല്ലാ കാര്യാലയങ്ങളിലും KFC form 15 chapter VII പ്രകാരമുള്ള ടെൻഡർ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

5. ടെൻഡർ ഫോം വിറ്റതിന്റെ ചെലാൻ പകർപ്പ് ഹാജരാക്കേണ്ടതാണ്.
6. എല്ലാ ടെൻഡറുകൾക്കും ഒപ്പം EMD ഉണ്ടായിരിക്കേണ്ടതാണ്. (കോപ്പി EMD ഇല്ലാത്ത ടെൻഡറുകൾ അംഗീകാരത്തിനായി അയയ്ക്കേണ്ടതില്ല. )
7. മിനിമം ടെൻഡറുകൾ ഉണ്ടായിരിക്കേണ്ടതാണ്.
8. ടെൻഡർ ഫോമിൽ എഴുതി ചേർക്കേണ്ട ഭാഗങ്ങൾ കരാറുകാരനും ബന്ധപ്പെട്ട ആഫീസറും പൂരിപ്പിച്ചിരിക്കേണ്ടതാണ്.
9. കവറുകളുടെ പുറത്ത് ടെൻഡർ സ്വീകരിച്ച തീയതി, സമയം, ടെൻഡർ തുറന്ന തീയതി സമയം ഇവ രേഖപ്പെടുത്തി ഓഫീസർ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
10. വാഹനത്തിന്റെ RC Book, fitness, Permit, Insurance തുടങ്ങിയ രേഖകളുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.
11. കരാർ വാഹനത്തിന് 7 വർഷത്തിനധികം കാലപ്പഴക്കം പാടുള്ളതല്ല.
12. ടെൻഡർ സമർപ്പിച്ച വ്യക്തിയുടെ തന്നെ ഉടമസ്ഥതയിലുള്ള വാഹനമായിരിക്കണം. അല്ലാത്തവ നിരസിക്കേണ്ടതാണ്.
12. ടെൻഡറിനോടൊപ്പം മുദ്ര പത്രം വാങ്ങേണ്ടതില്ല. ടെൻഡർ അംഗീകരിച്ച് ലഭിച്ചതിന് ശേഷം മാത്രം കരാറുകാരൻ വാങ്ങി നൽകുന്ന 200/- രൂപയുടെ മുദ്രപത്രത്തിൽ കാര്യാലയ മേധാവി തയ്യാറാക്കി നൽകുന്ന എഗ്രിമെന്റ് കരാറുകാരനെ കൊണ്ട് വാഹനം ഉപയോഗിച്ചു തുടങ്ങുന്ന തീയതി എഴുതി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
13. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വ്യക്തിയുമായി നടത്തിയ നെഗോസിയേഷൻ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
14. കവറിംഗ് ലെറ്ററിൽ കാര്യാലയ മേധാവിയുടെ ശുപാർശ ഉണ്ടായിരിക്കേണ്ടതാണ്.
15. ടെണ്ടറിന് പ്രമുഖ പത്ര മാധ്യമങ്ങളിൽ വ്യാപകമായ പരസ്യം നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
16. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഭേദഗതിക്കൾക്കനുസൃതമായി ടെൻഡർ നടപടികളിലും മാറ്റം വരുത്തേണ്ടതാണ്.

ലഭ്യമായ ടെൻഡറുകൾ പരിശോധിച്ച് ചുവടെ പറയുന്നവ (ഒരു സെറ്റ് കോപ്പി സഹിതം) എല്ലാം ഉള്ളടക്കം ചെയ്തിട്ടുണ്ടോ എന്ന് കാര്യാലയ മേധാവി ഉറപ്പ് വരുത്തി മാത്രമെ അയയ്ക്കുവാൻ പാടുള്ളൂ

a ടെൻഡർ നോട്ടീസ്.

b ദിനപത്രത്തിന്റെ പേര്, പ്രസിദ്ധീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുള്ള പേപ്പർ കട്ടിംഗ്.

c കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ ടെൻഡർ ഫോം വിൽപ്പന നടത്തിയ ചെലാൻ ഡീറ്റയിൽസ്, ഇ.എം.ഡി എന്നീ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

d ലഭ്യമായ ടെൻഡറുകൾ കവർ സഹിതം (മിനിമം 3 ടെൻഡറുകൾ ഉണ്ടായിരിക്കേണ്ടതാണ്.

I/86657/2023

e ഇ.എം.ഡി, ചെലാൻ എന്നിവയുടെ പകർപ്പ്

f ആർ. സി ബുക്ക് , പെർമിറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ

g നെഗോസിയേഷൻ സ്റ്റേറ്റ്മെന്റ്.

h ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്:

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

Signed by Priyanka G
Date: 17-03-2023 07:08:29